**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4541** 25.06.2019-ലെ മറുപടിക്ക്

**'മുന്നയ്ക്കൽ വീട്ടിൽ ദേവസ്യായുടെ അപേക്ഷ'**

**ചോദ്യം** — **ശ്രീ.മോൻസ് ജോസഫ്**

**മറുപടി** — **ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കോട്ടയം ലാൻറ് ട്രൈബ്യൂണൽ സ്പെഷ്യൽ തഹസീൽദാർ ഓഫീസിൽ പട്ടയം ലഭിക്കുവാനായി അപേക്ഷ സമർപ്പിച്ച ദേവസ്യ, മുന്നയ്ക്കൽ വീട്, മീനച്ചൽ താലൂക്ക്, കറവിലങ്ങാട് വില്ലേജ്, മണ്ണയ്ക്കനാട് എന്നയാൾക്ക് പട്ടയം നൽകുവാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | ശ്രീ. ദേവസ്യ, മുന്നയ്ക്കൽ വീട് എന്നവർ കുറവിലങ്ങാട് വില്ലേജിൽ ബ്ലോക്ക് നം.8-ൽ റീസർവ്വെ നം.407/4-ൽപ്പെട്ട 01.80 ആർ വസ്തുവിന് എൽ.റ്റി പട്ടയം ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളതും ടി അപേക്ഷയിൽ വില്ലേജ് ഓഫീസർ മുഖാന്തിരം അന്വേഷണം നടത്തി റിപ്പോർട്ടും, സ്കെച്ചും നൽകിയിട്ടുള്ളതുമാണ്. ഇതു പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിന് കക്ഷിയെ 03/07/2019-ൽ 11.30A.M-ന് ജില്ലാകലക്ടർ കോട്ടയം ഹിയറിംഗിന് വിളിച്ചിട്ടുള്ളതുമാണ്. |
| (ബി) | കോട്ടയം ലാൻറ് ട്രൈബ്യൂണൽ സ്പെഷ്യൽ തഹസീൽദാർ ഓഫീസ് നിർത്തലാക്കിയതുമൂലം ഇപ്പോൾ ഈ അപേക്ഷ ഏത് ഓഫീസിലേയ്ക്കാണ് നൽകിയിരിക്കുന്നത്; | (ബി) | കോട്ടയം ലാൻഡ് ട്രൈബ്യൂണൽ സ്പെഷ്യൽ തഹസീൽദാർ ഓഫീസ് നിർത്തലാക്കിയതുമൂലം ശ്രീ.ദേവസ്യയുടെ അപേക്ഷ മീനച്ചിൽ തഹസിൽദാർക്ക് ആണ് നൽകിയിരിക്കുന്നത്. |
| (സി) | ടിയാന് എന്നേക്കും പട്ടയം നൽകുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (സി) | അപേക്ഷകന്റെ പട്ടയ അപേക്ഷയിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നു. അപേക്ഷകൻ ഹാജരാക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ ടിയാന് നിയമാനുസൃത അർഹതയുള്ള പക്ഷം ലാൻഡ് ട്രൈബ്യൂണൽ പ്രസ്തുത കേസിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. എതിർ കക്ഷികൾ എതിർവാദവുമായി രംഗപ്രവേശം ചെയ്താൽ അതിനനുസരിച്ച് കേസ് നീണ്ടു പോകാം. |
| (ഡി) | നിർത്തലാക്കിയ കോട്ടയം ലാൻറ് ട്രൈബ്യൂണൽ സ്പെഷ്യൽ തഹസീൽദാർ ആഫീസിനുപകരം എന്ത് സംവിധാനമാണ് പ്രസ്തുത ഓഫീസിൽ നൽകിയിരിക്കുന്ന അപേക്ഷകളിൽ സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ? | (ഡി) | കോട്ടയം ലാൻഡ് ട്രൈബ്യൂണൽ സ്പെഷ്യൽ തഹസീൽദാർ ഓഫീസ് നിർത്തലാക്കിയതിനെ തുടർന്ന് ടി ഓഫീസിലെ ഫയലുകൾ മീനച്ചിൽ തഹസിൽദാർക്ക് കൈമാറിയിട്ടുള്ളതും ടി അപേക്ഷകളിൽ മീനച്ചിൽ തഹസിൽദാർ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**